## ടി. പി. ചന്ദ്രശേഖരൻ വധക്കേസുമായി ബന്ധപ്പെട്ട് ദൃശ്യ-പത്രമാധ്യമങ്ങൾക്ക് നല്കിയ പ്രസ്താവന

72 (6038) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസുമായി ബന്ധപ്പെട്ട് സംസ്ഥാന മുഖ്യമന്ത്രി, കേന്ദ്ര ആഭ്യന്തര സഹമന്ത്രി, സംസ്ഥാന ആഭ്യന്തര വകുപ്പുമന്ത്രി എന്നിവർ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് നല്കിയ പ്രസ്താവനകളും അഭിപ്രായങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം തീയതികളിൽ, എവിടെയെല്ലാംവച്ച്, എന്തെല്ലാം കാര്യങ്ങളാണ് ടി.പി.ചന്ദ്രശേഖരന്റെ വധവുമായി ബന്ധപ്പെട്ട് പ്രസ്സ് റിലീസുകളായിട്ടോ പ്രതികരണങ്ങളായിട്ടോ അഭിമുഖങ്ങളായിട്ടോ മേല്പറഞ്ഞ മന്ത്രിമാർ നടത്തിയിട്ടുള്ളതെന്ന്, അത് പ്രസിദ്ധീകരിച്ച ദൃശ്യ-പത്ര മാധ്യമത്തിൽ നിന്നുള്ള വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ ?

### ഉത്തരം

(എ&ബി) പ്രത്യേക ഓരോ സംഭവങ്ങളെയും സംബന്ധിച്ച പത്രങ്ങളിലെ വാർത്തകളും ദൃശ്യമാധ്യമങ്ങളിലെ വാർത്തകളും പി.ആർ.ഡി.-യിൽ ശേഖരിച്ചു വയ്ക്കാറില്ല. ഇതുസംബന്ധമായി പി.ആർ.ഡി. മുഖേന നൽകിയ പ്രസ് റിലീസുകൾ ആവശ്യമെങ്കിൽ നൽകാവുന്നതാണ്.

## വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ കീഴിൽ മീഡിയാ സെന്ററുകൾ

73 (6039) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പിന്റെ കീഴിൽ മീഡിയാ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത് ;

(സി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ മീഡിയാ സെന്ററുകൾവഴി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഇ) സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും മീഡിയാ സെന്ററുകൾ വ്യാപിപ്പിക്കുന്നകാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ മീഡിയാ സെന്റർ പ്രവർത്തിച്ചുവരുന്നു. സമീപകാലത്ത് പ്രവർത്തനം തുടങ്ങിയ ഇവിടെ പത്ര സമ്മേളനങ്ങളും മറ്റും നടന്നുവരുന്നു. തെരഞ്ഞെടുപ്പ് വേളയിൽ കളക്ടറേറ്റുകൾ കേന്ദ്രീകരിച്ചും തീർത്ഥാടന കാലത്ത് ശബരിമല കേന്ദ്രീകരിച്ചും താത്ക്കാലികമായി മീഡിയാ സെന്റർ പ്രവർത്തിക്കുന്നുണ്ട്.

(സി) പത്രസമ്മേളനം നടത്തുകയും മാധ്യമ പ്രവർത്തകരുമായി സംവദിക്കുകയുമാണ് ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(ഡി) തെരഞ്ഞെടുപ്പ് വേളയിൽ മാധ്യമങ്ങൾക്കും മറ്റും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നു. ശബരിമല തീർത്ഥാടനകാലത്തെ ഒരുക്കങ്ങൾ, ക്രമീകരണങ്ങൾ, തീർത്ഥാടനം എന്നിവ സംബന്ധിച്ച് വിശദമായി വിവരങ്ങൾ മാധ്യമ പ്രവർത്തകർക്കും ഭക്തജനങ്ങൾക്കും ലഭ്യമാക്കുന്നു.

(ഇ) പരിഗണിക്കുന്നതാണ്.

## സർക്കാർ തലത്തിലുള്ള പ്രസാധക വിഭാഗം

74 (6040) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക മാധ്യമങ്ങളുടെ വരവോടെ പുതിയതലമുറയിൽ വായനാശീലം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കേണ്ടുന്നതിലേക്ക് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പുസ്തക പ്രസാധനത്തിന്റെ സിംഹഭാഗവും സ്വകാര്യ പ്രസാധകരിലൂടെയാകയാൽ പുസ്തകങ്ങളുടെ നിലവിലുണ്ടായിട്ടുള്ള വിലവർദ്ധനവ് നിയന്ത്രിക്കുന്നതിലേക്ക് സർക്കാർ തലത്തിലുള്ള പ്രസാധക വിഭാഗത്തിന്റെ പ്രവർത്തനം വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

(ബി) വായനാശീലം പ്രചരിപ്പിക്കാൻ ലൈബ്രറി കൗൺസിലും എൻ.ജി.ഒ. സംഘടനകളും നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly